LIBRARY ARCHIVES Kerala Legislative Assembly

ന്യൂഡൽഹിയിലുള്ള കേരള ഹൗസിന്റെ പ്രവർത്തനം

3 [2482] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിലുള്ള കേരളാ ഹൗസിന്റെ പ്രവർത്തനം ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിന്നു മാറ്റി ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഭാഗമാക്കാൻ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി ഏതു ഘട്ടത്തിലാണ്, വിശദമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നടപടിയുടെ രേഖകൾ ലഭ്യമാക്കുമോ;

(സി) കേരളാ ഹൗസിലെ കമ്മീഷണർ പോസ്റ്റ് ചീഫ് സെക്രട്ടറിയുടെ റാങ്കിന് തുല്യമായി ഉയർത്താൻ നടപടി എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) കേരള ഹൗസ് റസിഡന്റ് കമ്മീഷണർ പോസ്റ്റ് ജോയിന്റ് സെക്രട്ടറി റാങ്കിനു താഴെ ആയിരിക്കുന്നതിനാൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുമായുള്ള കേരള സർക്കാരിന്റെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾക്കും കത്തിടപാടുകൾക്കും വേണ്ടത്ര പ്രാധാന്യം കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പ്രവർത്തനം പൊതുഭരണ (ടൂറിസം) വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലും റസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിലുമാണ് നടന്നുവരുന്നത്.

(സി) ഇല്ല.

(ഡി) 1982 ഐ.എ.എസ്. ബാച്ചിലുള്ള, ന്യൂഡൽഹിയിലെ കേരള സർക്കാരിന്റെ റസിഡന്റ് കമ്മീഷണർ സീനിയോരിറ്റി അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനാണ്. റസിഡന്റ് കമ്മീഷണറുടെ റാങ്ക് കേരള സർക്കാരിന്റെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾക്കും കത്തിടപാടുകൾക്കും തടസ്സമായി നിന്നിട്ടില്ല.

ഡൽഹിയിലെ കേരള ഹൗസ് ജീവനക്കാർക്ക് സർവ്വീസ് റൂൾസ് നടപ്പിലാക്കാനുള്ള നിർദ്ദേശം

4 [2483] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഡൽഹിയിലെ കേരള ഹൗസ് ജീവനക്കാർക്ക് സർവ്വീസ് റൂൾസ് നടപ്പിലാക്കിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) സർവ്വീസ് റൂൾസ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൗസ് ജീവനക്കാരുടെ സംഘടനകൾ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(സി) സർവ്വീസ് റൂൾസ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് കേരള ഹൈക്കോടതിയോ, ഡൽഹി ഹൈക്കോടതിയോ ജീവനക്കാരുടെ കേസിൽ ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഡൽഹിയിലെ കേരള ഹൗസ് ജീവക്കാർക്ക് സർവ്വീസ് റൂൾസ് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

സർക്കാർ ജീവനക്കാരുടെ എണ്ണം

5 [2484] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ എത്ര വകുപ്പുകളുണ്ട്; അവയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർമാരുടെ എണ്ണം ഇപ്പോൾ എത്രയാണ്; 1996-ൽ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും വകുപ്പുകൾ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സംസ്ഥാന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് 1996,2001, 2004 എന്നീ വർഷങ്ങളിലെ കണക്കുകൾ അറിയിക്കുമോ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം എത്ര തസ്തികകൾ വെട്ടിക്കുറച്ചു;

(എഫ്) സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സർക്കാർ ശമ്പളം നൽകുന്ന ജീവനക്കാരുടെ എണ്ണം എത്ര;

(ജി) പി.എസ്.സി. മുഖേനയോ വികലാംഗ നിയമനം വഴിയോ അല്ലാതെ എത്ര തസ്തികകളിൽ സർക്കാർ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്?

ഉത്തരം

(എ) നിയമം, ധനകാര്യമുൾപ്പെടെ സെക്രട്ടറിയേറ്റിൽ 36 വകുപ്പുകളുണ്ട്. അവയുടെ ഭരണ നിയന്ത്രണത്തിലുള്ള വകുപ്പുകളെ സംബന്ധിച്ച വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly